## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *1** **25.04.2017-ൽ മറുപടിക്ക്**

## <u>കായിക പരിശീലനത്തിനും മാസ് ഡ്രില്ലിനുമുള്ള നിബന്ധനകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. എ. എൻ. ഷംസീർ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വർഗ്ഗീയ ധ്രുവീകരണം സാധ്യമാക്കുന്നതിനായി ആർ.എസ്.എസ്. അക്രമം വ്യാപകമാക്കിയിരിക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് വർഗ്ഗീയ ധ്രുവീകരണം ലക്ഷ്യമിട്ടുള്ള ചില അക്രമസംഭവങ്ങൾ ആർ. എസ്.എസ് നേതൃത്വത്തിന്റെ പിന്തുണയോടെ ഉണ്ടായിട്ടുണ്ട്. എന്നാൽ, സമയോചിതമായ ഇടപെടൽ മൂലം ആ പ്രവർത്തനങ്ങൾക്ക് തടയിടുവാനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) കാസർകോട്ട് വർഗ്ഗീയ കലാപം ലക്ഷ്യമിട്ട് മദ്രസ അധ്യാപകനെ കൊലപ്പെടുത്തിയ ഈ സംഘത്തിന്റെ ഗൂഢപ്രവർത്തനങ്ങളെ അടിച്ചമർത്തേണ്ടതിന്റെ ആവശ്യകത പരിശോധിക്കുമോ; | (ബി) കാസർഗോഡ് ജില്ലയിൽ മദ്രസ്സ അധ്യാപകനെ കൊലപ്പെടുത്തിയ സംഭവത്തിലെ ഗൂഢാലോചനയെപ്പറ്റി ക്രൈം ബ്രാഞ്ച് എസ്.പി യുടെ നേതൃത്വത്തിൽ സമഗ്രമായ അന്വേഷണം നടത്തിവരുന്നുണ്ട്. ഇത്തരത്തിൽ വർഗ്ഗീയ സംഘർഷങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമത്തിനെതിരെ കർശന നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) കേരള പോലീസ് നിയമത്തിൽ കായിക പരിശീലനത്തിനും മാസ് ഡ്രില്ലിനും ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ഇവ പാലിച്ചുകൊണ്ടാണോ ആർ.എസ്.എസ്. ശാഖകൾ പ്രവർത്തിക്കുന്നത്; ഇല്ലെങ്കിൽ | (സി) കേരളാ പോലീസ് ആക്റ്റ് 2011 ലെ 73-ാം വകുപ്പ് പ്രകാരം കായിക പരിശീലനം നടത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആക്റ്റിലെ വ്യവസ്ഥകൾക്കനുസരിച്ച് നിർണ്ണയിച്ചിട്ടുള്ള അധികാരപ്പെട്ട യാളുടെ അനുമതിയില്ലാതെ അക്രമണമോ സ്വയംരക്ഷയൊ |

സാമൂഹ്യ സുരക്ഷ കണക്കിലെടുത്ത് അവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

സംബന്ധിച്ച അഭ്യാസ രീതികൾ ഉൾക്കൊള്ളുന്ന കായിക പരിശീലനം സംഘടിപ്പിക്കുവാനോ പങ്കെടുക്കുവാനോ പാടുള്ളതല്ല. ഇതിനായി, തന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള കെട്ടിടമോ പരിസരമോ പെർമിറ്റില്ലാതെ അർക്കും അനുവദിച്ച നൽകാനും പാടുള്ളതല്ല. ഇത് പരിശോധിക്കുന്നതിന് ഒരു സബ് ഇൻസ്പെക്റ്റുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന് അധികാരമുണ്ട്. ജില്ലാ മജിസ്ട്രേറ്റിന് പൊതു സമാധാനമോ പൊതു സുരക്ഷയോ ക്രമസമാധാന പാലനത്തിനോ വേണ്ടി കേരള പോലീസ് ആക്ടിലെ 75-ാം വകുപ്പ് പ്രകാരം മാസ് ഡ്രിൽ നിരോധിക്കുന്നതിന് അധികാരമുണ്ട്. ഈ നിരോധനം ആവശ്യമാണെന്ന് കരുതുന്നപക്ഷം വിജ്ഞാപനം മുഖേന ദീർഘിപ്പിക്കാൻ സർക്കാരിനും അധികാരമുണ്ട്. നിലവിലുള്ള നിയമത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സംഘടനകൾക്കെതിരെ കർശന നടപടികളാണ് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി പോലീസ് ആക്ട് 2011-ന് ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**